(ബി) നീന്തൽ കുളം വിപുലീകരണത്തിന്റെ ഭാഗമായി ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിനു സമീപം കഴിച്ചതിനും, അടിയിൽ പൈപ്പ് ലൈൻ ഉള്ളതിനാൽ നിർമ്മാണം ഉപേക്ഷിച്ചതിനും എത്ര തുക ചെലവായി; ഇതു സംബന്ധമായ തീരുമാനങ്ങൾ കൈക്കൊണ്ടത് ആരെല്ലാം ; ഏതെല്ലാം തീയതികളിൽ;

(സി) പൊളിച്ചു മാറ്റിയ നീന്തൽ കുളത്തിന്റെ പുനർ നിർമ്മിതിക്ക് എത്ര തുക ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ വെള്ളയമ്പലത്ത് ഉണ്ടായിരുന്ന നീന്തൽ കുളത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വിപുലീകരണത്തിനായുള്ള പണികൾ 5-2-2010-ലാണ് തുടങ്ങിയത്. അന്നത്തെ സ്പോർട്സ്, നിയമ-പാർലമെന്ററികാര്യ മന്ത്രിയും, ജലവിഭവവകുപ്പ് മന്ത്രിയും പങ്കെടുത്ത മീറ്റിംഗിലാണ് ഇതിനായുള്ള തീരുമാനം കൈക്കൊണ്ടത്. ഈ പ്രവൃത്തിക്ക് 8,01,67,715 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊളിച്ചു മാറ്റുന്നതിനും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 56,59,329 രൂപ ചെലവായി.

(ബി) വിപുലീകരണത്തിന്റെ ഭാഗമായി പൈപ്പുകൾ മാറ്റുന്നതിനും അനുബന്ധ പണികൾക്കുമായി 1.5 കോടി രൂപ കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം നൽകിയിട്ടുണ്ട്. 6-11-2009-ൽ കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിലെ തീരുമാന പ്രകാരം സർക്കാരിന് നൽകിയ ശിപാർശയനുസരിച്ച് നിലവിലുള്ള പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കാനായി 1.5 കോടി രൂപ വാട്ടർ അതോറിറ്റിക്ക് നൽകി ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ ഭരണാനുമതി നൽകി.

(സി) പൊളിച്ചുമാറ്റിയ നീന്തൽ കുളത്തിന്റെ പുനർനിർമ്മിതിക്ക് ഇതുവരെ 4,51,96,749 രൂപ ചെലവഴിച്ചു. ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു. മൊത്തം ചെലവ് അതിനുശേഷമേ അന്തിമമായി നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

നാഷണൽ ഗെയിംസിനായി വാങ്ങിയ ദിശാ ബോർഡുകൾ

299 (305) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 35-ാമത് നാഷണൽ ഗെയിംസിൽ ഉപയോഗിക്കുന്നതിനായി മുള കൊണ്ടു നിർമ്മിച്ച എത്ര ദിശാ ബോർഡുകൾ വാങ്ങി എന്നും ഓരോന്നിനും എത്ര വിലയുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ വാങ്ങുന്നതിനായി ആകെ എത്ര തുക വിനിയോഗിച്ചുവെന്നും, എവിടെ നിന്നാണ് വാങ്ങിയത് എന്നും, ഗെയിംസ് പര്യവസാനിച്ചതിനു ശേഷം ഇവ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ആകെ 4901 എണ്ണം. സ്റ്റാന്റ് ഉള്ളത് 4031 എണ്ണം (900 രൂപ നിരക്കിൽ) സ്റ്റാൻഡ് ഇല്ലാത്തത് 870 എണ്ണം (250 രൂപ നിരക്കിൽ)

(ബി) ഇതിനായി 38,45,400 രൂപ വിനിയോഗിക്കുകയുണ്ടായി. ദിശാബോർഡുകൾ കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള കോഴിക്കോട് ഹൈടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിയിൽ നിന്നാണ് വാങ്ങിയത്. സ്റ്റേഡിയങ്ങളിൽ ദിശാസൂചകങ്ങളായി സൂക്ഷിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ടെന്നീസ് പരിശീലനവേദിയിലെ അടിസ്ഥാനസൗകര്യങ്ങൾ

300 (306) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ ഭാഗമായി ടെന്നീസ് താരങ്ങളുടെ പരിശീലന വേദിയായ ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കി നൽകിയതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് ചെലവഴിക്കപ്പെട്ട തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുമാരപുരത്തുള്ള ടെന്നീസ് കോംപ്ലക്സിലെ പ്രധാന കോർട്ടിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെയും ഇതിന് ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ.ഉ.(സാധാ)നമ്പർ 4673/09/പൊ.വി.വ. തീയതി 11-11-2009 പ്രകാരം ഭരണാനുമതി നൽകി പ്രാക്ടീസിനായി സിന്തറ്റിക് ടെന്നീസ് കോർട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയ്ക്ക് മേൽക്കൂര, ഫെൻസിംഗ്, ഓടകൾ. വൈദ്യുതീകരണം, ലൈറ്റിംഗ് എന്നിവയും ഏർപ്പാടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly